# കേരള സർക്കാർ

ആസൂത്രണ സാമ്പത്തിക കാര്യ(എ) വകുപ്പ്

നമ്പർ 2038/എ1/2003/ പ്ലാനിംഗ് തിരുവനന്തപുരം, തീയതി 10-2-2003

## സർക്കുലർ

വിഷയം: തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പത്താം പഞ്ചവൽസര പദ്ധതി ആസൂത്രണ നടപടികൾ- സംബന്ധിച്ച്

പരാമർശം: 24-01-2003-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി യോഗത്തിലെ ശുപാർശകൾ.

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതിയുടെ 24-01-2003ലെ യോഗത്തിന്റെ ശുപാർശ പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ പത്താം പഞ്ചവൽസര പദ്ധതി തയ്യാറാക്കുന്നത് സംബന്ധിച്ച് ചുവടെയുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. 2002-2003-ലെ വാർഷിക പദ്ധതി നിർവ്വഹണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുവേണ്ടി പ്രോജക്ടകൾക്ക് സാങ്കേതികാനുവാദം നൽകുന്ന നടപടികൾ അടിയന്തിരമായി പൂർത്തിയാക്കേണ്ടതാണ്.

2. എല്ലാ പ്രോജക്ട് സംഗ്രഹ ഫോറങ്ങളിലും പ്രൊഫോർമകളിലും പ്രോജക്ട് റിപ്പോർട്ടു കളിലും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് ചെയർപേഴ്സന്റെയും കൺവീനറുടെയും ഒപ്പ് നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.

3. ടെക്നിക്കൽ കമ്മിറ്റികളിൽ കഴിവതും ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരെയാണ് അംഗങ്ങളായി ഉൾപ്പെടുത്തേ ണ്ടത്.

4. ഒൻപതാം പഞ്ചവൽസര പദ്ധതിയിൽ ആരംഭിച്ച പ്രോജക്ടുകൾ പൂർത്തിയാക്കുവാൻ പത്താം പഞ്ചവൽസര പദ്ധതി വിഹിതം വിനിയോഗിക്കുകയാണെങ്കിൽ അതിനായി നിശ്ചയിച്ചിട്ടുള്ള പ്രോജക്ട് സംഗ്രഹ ഫോറങ്ങളും പ്രൊഫോർമകളും നിർബന്ധമായും പൂരിപ്പിച്ചു നൽകേണ്ടതാണ്. 31-03-2002-ലെ നീക്കിയിരിപ്പ് തുക മാത്രം വിനിയോഗിച്ച് പൂർത്തിയാക്കുന്ന സ്പിൽഓവർ പ്രോജക്ടുകൾക്ക് ഫോറങ്ങളും പ്രൊഫോർമകളും പൂരിപ്പിക്കേണ്ടതില്ല.

എസ്.എം. വിജയാനന്ദ്

ഗവൺമെന്റ് സെക്രട്ടറി(ആസൂത്രണം)

1. പഞ്ചായത്ത് ഡയറക്ടർ
2. ഗ്രാമ വികസന കമ്മീഷണർ
3. മുനിസിപ്പൽ ഭരണ ഡയറക്ടർ
4. പ്രിൻസിപ്പൽ സെക്രട്ടറി, ഗ്രാമവികസനം
5. ഗവൺമെന്റ് സെക്രട്ടറി, തദ്ദേശ സ്വയംഭരണം(Rural)
6. ഗവൺമെന്റ് സെക്രട്ടറി, തദ്ദേശ സ്വയംഭരണം(Urban)
7. മറ്റ് എല്ലാ പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും ഗവൺമെന്റ് സെക്രട്ടറിമാർക്കും
8. മെമ്പർ സെക്രട്ടറി സംസ്ഥാന ആസൂത്രണ ബോർഡ്

9. ഡറക്ടർ പബ്ലിക് റിലേഷൻസ് വകുപ്പ്(അടിയന്തിര പത്രക്കുറിപ്പിന്)
10. എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
11. എല്ലാ ജില്ലാ കളക്ടർമാർക്കും ജില്ലാ ആസൂത്രണ സമിതി സെക്രട്ടറിമാർക്കും
12. എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
13. എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
14. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
15. എല്ലാ മേയർമാർക്കും സെക്രട്ടറിമാർക്കും
16. എല്ലാ മുൻസിപ്പൽ ചെയർപേഴ്സൺമാർക്കും സെക്രട്ടറിമാർക്കും
17. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും

പകർപ്പ്

1. മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിക്ക്
2. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
3. ഗ്രാമ വികസന  വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
4. മറ്റ് മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്
5. സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ
6. ചീഫ് സെക്രട്ടറിയുടെ ജോയിന്റ് സെക്രട്ടറിക്ക്
7. വികേന്ദ്രീകൃത ആസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി അംഗങ്ങൾക്ക്
8. തദ്ദേശ സ്വയംഭരണ വകുപ്പ്
9. ഗ്രാമ വികസന വകുപ്പ്
10. ആസൂത്രണ വകുപ്പ്